"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

www.keralaprisons.gov.in

കേരള പ്രിസൺസ് &
കറക്ഷണൽ
സർവ്വീസസ്

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532
keralaprisons@gov.in

തീയതി: 20-11-2026

സർക്കുലർ നം.: 17 / 2026 (KPCS/6041/2026-E1)

ബഹു. കോടതികൾ / കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (KAT) എന്നിവയുടെ മുൻപാകെയുള്ള കേസുകളിൽ സമയബന്ധിതമായി Reply Statement / Counter Affidavit / Additional Statement ഫയൽ ചെയ്യുന്നത് സംബന്ധിച്ച്.

സർക്കാർ വകുപ്പുകൾ / വകുപ്പ് മേധാവികൾ എതിർകക്ഷികളായി ബഹു. കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (KAT) എന്നിവയുടെ മുൻപാകെ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ യഥാസമയം Reply Statement / Counter Affidavit / Additional Statement എന്നിവ സമർപ്പിക്കാത്തതു മൂലം കേസുകൾ തീർപ്പാക്കുന്നതിൽ അനാവശ്യമായ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയത് ഒഴിവാക്കുന്നതിനായി, കോടതി കേസുകളിൽ സമയബന്ധിതമായി Reply Statement / Counter Affidavit / Additional Statement എന്നിവ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ, ജയിൽ വകുപ്പ് മേധാവിയെയും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ മേധാവികളെയും എതിർകക്ഷികളാക്കി ബഹു.കോടതികൾ / കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവയുടെ മുമ്പാകെ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ Reply Statement / Counter Affidavit / Additional Statement എന്നിവ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ/ഉദ്യോഗസ്ഥർ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

ഇതിനായി ബന്ധപ്പെട്ട കോടതി കേസുകളുടെ വിവരങ്ങൾ യഥാസമയം ജയിൽ ആസ്ഥാനകാര്യാലയത്തിൽ ലഭ്യമാക്കുകയും ആവശ്യമായ രേഖകളും വസ്തുതാ വിവരങ്ങളും സർക്കാർ അഭിഭാഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, കേസുകളിൽ മറുപടി / സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള സമയപരിധി കൃത്യമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ/ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

DINESH B

DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: 1) എല്ലാ ജയിൽ ഡി.ഐ.ജി.മാർക്കും.

2) എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

3) ജയിൽ ആസ്ഥാന കാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്: ടെക്നിക്കൽ സെൽ, ജയിലാസ്ഥാന കാര്യാലയം (വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്)

Digitally signed by
Dinesh Bhagavathi Pillai
Date: 20-11-2026
13:18:36